പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4565 22.07.2015-ല മറുപടിക്ക്

വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ്

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വടകര-തൊട്ടിൽപാലം ചെയിൻ സർവ്വീസ് കെ.എസ്.ആർ.ടി.സി ആരംഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവ് മൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ബസ്സുകളുടെ കുറവാണ് ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമെങ്കിൽ എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ബസ്സുകൾ വാങ്ങി ചെയിൻ സർവ്വീസ് തുടങ്ങുവാൻ സാധിക്കുമോ ; | (ബി) | പൊതുജനോപകാരപ്രദവും പൂരണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻ കീഴിൽ ലക്ഷ്യമിടുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശുപാർശകൾ അനുവദിക്കാൻ കഴിയില്ല. |
| (സി) | ഇക്കാര്യത്തിൽ സർക്കാരിന് ഉറപ്പ് നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പുതിയ ബസുകൾ പണിത് നിരത്തിലിറക്കുന്ന മുറയ്ക്ക് സൂപ്പർ ക്ലാസ് വിഭാഗത്തിൽ മാറ്റുന്ന ബസുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ തുടങ്ങുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ